# വിശുദ്ധ ഖുർആനിലെ സാങ്കേതിക ശബ്ദങ്ങൾ

പി. അബ്ദുല്ല കുട്ടി ak@vazhi.org

1

## അല്ലാഹു

അല്ലാഹു എന്ന പദം അറബി ഭാഷയിൽ പ്രപഞ്ച സ്രഷ്ടാവും പരിപാലകനുമായ ഏകദൈവത്തെക്കുറിക്കാൻ ഉപയോഗിക്കുന്നു.
അല്ലാഹു എന്ന പദത്തിന് ബഹുവചനരൂപമില്ല. സ്ത്രീലിംഗരൂപവുമില്ല.
മറ്റു 99 ദൈവനാമങ്ങളെല്ലാം അവൻെറ ഗുണനാമങ്ങളാകുന്നു.
അല്ലാഹു എന്നത് ഏറ്റവും അവൻെറ വിശിഷ്ടമായ നാമമാണ്.
അല്ലാഹു എന്ന പദം ഇലാഹ് എന്ന നാമശബ്ദത്തോട് അൽ എന്ന ശബ്ദം ചേർത്തുണ്ടായതാണ്. “അൽഇലാഹ്” “അല്ലാഹു” എന്നായി രൂപാന്തരപ്പെടുമ്പോൾ അത് ഒരൊറ്റപ്പെട്ട പദമായിത്തീരുന്നു. “അൽ” എന്നത് അപരിചിതനാമങ്ങളെ സുപരിചിതനാമങ്ങളാക്കി മറ്റുവാൻ അറബി ഭാഷയിൽ പ്രയോഗിക്കപ്പെടുന്ന രണ്ടക്ഷരങ്ങളാണ്. ഇംഗ്ളീഷിൽ the എന്ന്, നാമത്തിനു മുന്നിൽ ചേർക്കുന്നതുപോലെയാണ് അറബിയിൽ അൽ എന്ന് അപരിചിത നാമങ്ങൾക്കുമുമ്പിൽ ചേർക്കുന്നത്. അതനുസരിച്ച് അൽഇലാഹു എന്നതിൻെറ അർത്ഥം ഒരു പ്രത്യേക ഇലാഹ് എന്നാകുന്നു.

2

## ഇലാഹ്

അറബിയിൽ “ഇലാഹ്” എന്ന പദത്തിന് ആരാധനക്കർഹൻ, അദൃശ്യൻ, അത്യുന്നതൻ, അഭയമേകുന്നവൻ തുടങ്ങിയ അർഥങ്ങളാണുള്ളത്. ഈ ആശയങ്ങളെ ആധാരമാക്കി “ദൈവം” (God) എന്നതിൻെറ അർഥമായി അറബിയിൽ “ഇലാഹ്” എന്ന പദം ഉപയോഗിക്കുന്നു. സാക്ഷാൽ ദൈവം, പരമേശ്വരൻ എന്നൊക്കെയാണ് “അൽഇലാഹി”ൻെറ അർഥം. "ആലിഹ” എന്നാണ് ഇലാഹിൻെറ ബഹുവചനരൂപം.

3

## റബ്ബ്

രക്ഷിതാവ്, പരിപാലകൻ, യജമാനൻ, നാഥൻ, ഉടമസ്ഥൻ, രക്ഷാകർത്താവ്, കാര്യങ്ങളന്വേഷിച്ചു മേൽനോട്ടം ചെയ്യുന്നവൻ, ഭരണാധിപൻ, വിധികർത്താവ്, നിയന്താവ്, ഉന്നതൻ തുടങ്ങിയ അർഥങ്ങളുള്ള അറബി ശബ്ദമാണിത്. ഈ അർഥങ്ങളിലെല്ലാം അല്ലാഹു സൃഷ്ടികളുടെ റബ്ബാണ്. അല്ലാഹു എന്ന അത്യുന്നത നാമത്തിനുശേഷം ഏറ്റവും പ്രധാനപ്പെട്ട ദൈവനാമമാണ് റബ്ബ്.

4

## നബി

അല്ലാഹുവിൻെറ മാർഗ്ഗദർശനം മനുഷ്യർക്കു എത്തിച്ചുകൊടുക്കുവാനും സ്വയം അതനുസരിച്ചു ജീവിക്കുവാനും അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടവരാണ് നബിമാർ. അറബിഭാഷയിൽ ഉയർന്ന ഭൂമിക്കും വഴിയടയാളത്തിനും നബി എന്നു പറയുന്നു. നബി എന്ന ശബ്ദം ഖുർആനിൽ പ്രയോഗിച്ച സ്ഥലങ്ങളിലെല്ലാം അല്ലാഹുവിൻെറ സന്ദേശം ലഭിച്ച പ്രത്യേകമനുഷ്യനാണ് ഉദ്ദേശ്യം.

5

## റസൂൽ

റസൂൽ എന്ന ശബ്ദത്തിൻെറ ഭാഷാർത്ഥം അയക്കപ്പെട്ട ദൂതൻ എന്നാണ്. ദൗത്യവും ദൂതനും ഉദ്ദേശ്യമാവാം. പ്രപഞ്ചനിയന്താവായ അല്ലാഹു തൻെറ മനുഷ്യ പ്രജകളുടെ അടുക്കലേക്കയച്ച ദൗത്യവാഹകനാകയാൽ അദ്ദേഹത്തെ റസൂൽ എന്ന് പറയുന്നു. നബിയും റസൂലും മനുഷ്യരിൽവെച്ച് ഉന്നതസ്ഥാനീയരാണ്. റസൂൽ എന്ന ശബ്ദം നബിമാർക്കും അല്ലാത്തവർക്കും ഖുർആനിൽ പ്രയോഗിച്ചിട്ടുണ്ട്. മാലാഖമാർക്കും റസൂൽ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്.

കുറിപ്പ്:- റസൂൽ, നബി എന്നീ പദങ്ങൾ തമ്മിൽ ആശയപരമായ വ്യത്യാസമുള്ള രണ്ടു സാങ്കേതിക ശബ്ദങ്ങളാകുന്നു. “നബിയും” “റസൂലും” തമ്മിലുള്ള ബന്ധം സാമാന്യ സവിശേഷ ബന്ധമാണ്. അതായത് എല്ലാ റസൂലും നബിയാകുന്നു. എന്നാൽ എല്ലാ നബിയും റസൂലാകുന്നില്ല. സാമാന്യ പ്രവാചകരെ അപേക്ഷിച്ച് സുപ്രധാന പദവികളേൽപിക്കപ്പെട്ട സവിശേഷരായ പ്രവാചകവര്യന്മാരെയാണ് റസൂൽ എന്ന് പറയുന്നത്. നിവേദന പരമ്പര ദുർബലമാണെങ്കിലും ഒരു പ്രവാചക വചനത്തിൽ ഇപ്രകാരം കാണുന്നു. മുർസലുകളുടെ(റസൂൽ) എണ്ണം ചോദിക്കപ്പെട്ടപ്പോൾ പ്രവാചകൻ അവർ 313 ആണെന്നോ 315 ആണെന്നോ പറഞ്ഞു. നബിമാരുടെ എണ്ണം ചോദിക്കപ്പെട്ടപ്പോൾ അവിടന്ന് പറഞ്ഞത് ഒരുലക്ഷത്തി ഇരുപത്തിനാലായിരം എന്നാണ്.

6
### വഹ്‌യ്
അല്ലാഹുവിൽനിന്ന് നബിമാർക്കു അവതരിച്ചുകിട്ടുന്ന മാർഗ്ഗദർശനത്തിന് "വഹ്‌യ്" എന്നു പറയുന്നു. ധൃതഗതിയിലുള്ള സൂചന എന്നാണ് ഭാഷയിൽ വഹ്‌യിൻെറ അർത്ഥം. വഹ്‌യിനു ഗൂഢമായ മാർഗ്ഗത്തിൽ വിവരം നല്കൽ, മനസ്സിൽ തോന്നിപ്പിക്കൽ എന്നീ അർത്ഥങ്ങളും ഉണ്ട്.

7
### മലക്കുകൾ
"മലക്ക്" എന്ന അറബിപദത്തിൻെറ ഉദ്ദേശ്യാർത്ഥം "ദൂതൻ" എന്നാണ്.
മലക്കുകൾ (മാലാഖമാർ) അല്ലാഹുവിൻെറ പ്രത്യേക സൃഷ്ടികളാണ്. അവരിൽ ചിലർ പ്രവാചകന്മാർക്ക് വഹ്‌യ് (ദൈവികസന്ദേശം) എത്തിച്ചുകൊടുക്കുവാനുള്ള മാദ്ധ്യമമാണ്. മനുഷ്യരെ സംബന്ധിച്ചേടത്തോളം മലക്കുകൾ അദൃശ്യജീവികളും നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ വരുതിക്കപ്പുറം സ്ഥിതിചെയ്യുന്നവരുമാണ്. മലക്കുകൾ അല്ലാഹുവിൻെറ ആദരണീയരും ഉന്നതസ്ഥാനീയരും സാമീപ്യം സിദ്ധിച്ചവരുമായ സൃഷ്ടികളാണ്. അവർ സദാ അല്ലാഹുവിൻെറ ആജ്ഞകളും അഭീഷ്ടങ്ങളും പാലിക്കുന്നു. അവരുടെ എണ്ണമോ ശക്തിയോ തിട്ടപ്പെടുത്തുക സാധ്യമല്ല. അല്ലാഹുവിൻെറ നിയമങ്ങൾ പ്രകാരം അവർ പ്രപഞ്ച വ്യവസ്ഥനടത്തുന്നു. അവരിൽ എണ്ണമറ്റ പദവികളും വിഭാഗങ്ങളുമുണ്ട്. പ്രവാചകന്മാർക്ക് വഹ്‌യ് എത്തിച്ചുകൊടുക്കുന്നത് അവരിലെ പ്രത്യേകവിഭാഗത്തിൻെറ തലവൻ "ജിബ്‌രീൽ" എന്ന മലക്കാകുന്നു.

8
### ഇസ്‌ലാം
ഖുർആൻ പ്രബോധനം ചെയ്യുന്ന ജീവിതവ്യവസ്ഥയാണ് ഇസ്‌ലാം. അറബി ഭാഷയിൽ അതിൻെറ അർഥം കീഴടങ്ങുക, അനുസരിക്കുക, ആജ്ഞാനുവർത്തിയാവുക, സ്വയം അർപ്പിക്കുക എന്നെല്ലാമാണ്. കേവലം ഇസ്‌ലാം എന്നല്ല "അൽ ഇസ്‌ലാം" എന്നാണ് വിശുദ്ധ ഖുർആൻ പ്രയോഗിക്കുന്നത്. ഇത് വിശുദ്ധ ഖുർആൻെറ ഒരു പ്രത്യേക സാങ്കേതിക പ്രയോഗമാണ്. ഈ പ്രത്യേക സാങ്കേതിക പദംകൊണ്ട് വിശുദ്ധ ഖുർആൻ ഉദ്ദേശിക്കുന്ന അർഥം, ഏകദൈവത്തിൻെറ മുമ്പിൽ തലകുനിക്കുക, അവൻെറ ആജ്ഞാനുവർത്തിയാവുക അവൻെറ മുമ്പിൽ സ്വന്തം സ്വാതന്ത്ര്യം കൈയൊഴിക്കുക, അവനിൽ സ്വയം അർപ്പിക്കുക എന്നെല്ലാമാണ്.
ഏകദൈവം അവൻെറ പ്രവാചകന്മാർ വഴി മനുഷ്യനു നല്കിയിട്ടുള്ള ചിന്താപരവും കർമപരവുമായ മാർഗദർശനം മാത്രം സ്വീകരിക്കുകയും തൻെറ ചിന്താ-കർമ സ്വാതന്ത്ര്യം ഉപേക്ഷിച്ച് പ്രസ്തുത മാർഗദർശനത്തെ പിന്തുടരുകയും അതിനെ മാത്രം അനുസരിക്കുകയും ചെയ്യുക.
ഈ ആശയമാണ് "അൽഇസ്‌ലാം" എന്ന പദപ്രയോഗം മുഖേന വിശുദ്ധ ഖുർആൻ സ്ഥാപിക്കുന്നത്.
1400 സംവത്സരങ്ങൾക്കുമുമ്പ് പ്രവാചകൻ മുഹമ്മദ് അറേബ്യയിൽ സ്ഥാപിച്ച പുതിയ മതമല്ല. ഭൂലോകത്ത് മനുഷ്യവാസമാരംഭിച്ച ഒന്നാം ദിവസംതന്നെ തൻെറ ശരിയായ പ്രവർത്തനമാർഗം "അൽ ഇസ്‌ലാം" ഒന്നു മാത്രമാണെന്ന് മനുഷ്യനെ ദൈവം അറിയിച്ചിരുന്നു. ആദ്യ മനുഷ്യൻ ആദം മുതൽ അവസാനത്തെ മനുഷ്യൻ വരെയുള്ളവർക്ക് ദൈവം ഒരെയൊരു സന്മാർഗമേ നല്കിയിട്ടുള്ളു. അതിനെയാണ് അറബിയിൽ ഇസ്‌ലാം എന്നു പറയുന്നത്.
ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ ഇടക്കിടെ ദൈവം നിയോഗിച്ചുകൊണ്ടിരുന്ന പ്രവാചകന്മാർ ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരുന്നതും പ്രവാചകൻ മുഹമ്മദ് ക്ഷണിച്ചതും അതേ ഇസ്‌ലാമിലേക്കുതന്നെ. പില്കാലത്ത് മുൻ പ്രവാചകന്മാരുടെ അനുയായികൾ പലതും കൂട്ടിക്കലർത്തി വ്യത്യസ്ത നാമങ്ങളിലൂള്ള മറ്റുപല സമ്മിശ്ര വ്യവസ്ഥകളും സ്ഥാപിച്ചു. മോസസും, ജീസസും, മുഹമ്മദും, മറ്റു അറിയപ്പെട്ടവരും അല്ലാത്തവരുമായ എല്ലാ പ്രവാചകന്മാരും ലോകത്ത് വന്നത് ഏതൊരു ജീവിതവ്യവസ്ഥയിലേക്ക് ക്ഷണിക്കാനായിരുന്നുവോ അത് സാക്ഷാൽ ഇസ്‌ലാമല്ലാതെ മറ്റൊന്നുമായിരുന്നില്ല.

നിശ്ചയം അല്ലാഹുവിങ്കൽ മതം ഇസ്‌ലാം മാത്രമാകുന്നു. (3:19)
വല്ലവനും ഇസ്‌ലാമല്ലാത്ത വല്ല ദീനും (ജീവിതപദ്ധതി) കാംക്ഷിക്കുന്നുവെങ്കിൽ അത് അവനിൽനിന്ന് സ്വീകരിക്കപ്പെടുന്നതല്ല (5:3)

9
### മുസ്‌ലിം
ഇസ്‌ലാമിനെ ആത്മാർഥമായി അംഗീകരിക്കുകയും പ്രായോഗികമായി അനുസരിക്കുകയും ചെയ്യുന്നവനാരോ അവനാണ് മുസ്‌ലിം. അതായത് ഇസ്‌ലാം എന്ന ആദർശം അംഗീകരിച്ചു എന്നവകാശപ്പെടുന്നവനാണ് മുസ്‌ലിം. ഖുർആനിനെയും ഇസ്‌ലാമിനെയും അല്ലാഹുവിൻെറ നിയമങ്ങളുടെ മുമ്പിൽ തന്നത്താൻ സമർപ്പിക്കുകയും ചെയ്യുന്നവൻ. ഇസ്‌ലാം അവലംബിച്ചവൻ

അഥവാ അല്ലാഹുവിനോട് അനുസരണമുള്ളവൻ എന്നാണ് അതിൻെറ അർത്ഥം. ഖുർആനിൽ വിശ്വസിക്കുന്നതോടെ ഒരാൾ മുഅ്മിൻ ആകുന്നതിനുപുറമെ മുസ്ലിം കൂടി ആകുന്നു.

10

## ഈമാൻ

ഈമാനിൻെറ അർത്ഥം സമ്മതിക്കുക, സ്വീകരിക്കുക, അംഗീകരിക്കുക എന്നെല്ലാമാണ്. ഏതാനും വിശ്വാസങ്ങൾ അംഗീകരിക്കുന്നതിൻെറ പേരാകുന്നു ഈമാൻ. അല്ലാഹുവിങ്കൽ പരിഗണനീയമായ വിശ്വാസത്തിൻെറ യാഥാർത്ഥ്യം, ചിന്തയിലും കർമ്മത്തിലും ഒരുപോലെ മനുഷ്യൻ തൻെറ സ്വാതന്ത്ര്യവും സ്വാധികാരവും അല്ലാഹുവിനു വില്ക്കുകയെന്നും അവനുവേണ്ടി സ്വന്തം ഉടമാവകാശവാദം പൂർണ്ണമായി കൈയൊഴിക്കുകയെന്നുമാകുന്നു.

11

## മതം

മനുഷ്യവർഗത്തിന് ദൈവം നല്കിയ സന്മാർഗം എന്നതാണ് മതത്തിന് ഇസ്ലാം നല്കുന്ന വിവക്ഷ. ദൈവം ഏകനാണ്. അവൻെറ സന്മാർഗവും ഏകമാണ്. ദുർമാർഗങ്ങൾ പലതാവാം. എന്നാൽ സന്മാർഗം ഒന്നേയുള്ളു. അത് ചരിത്രത്തിലുടനീളം വിവിധ ജനസമൂഹങ്ങൾക്ക് വിവിധ കാലഘട്ടങ്ങളിലായി പ്രവാചകന്മാർ മുഖേന നല്കിയ നേർവഴിയാകുന്നു. അതിനാൽ ഭിന്നമതങ്ങൾ എന്ന സങ്കല്പം അടിസ്ഥാനപരമായി ശരിയല്ല. പ്രവാചകന്മാരുടെ കാലശേഷം അവരുടെ സമുദായങ്ങൾ വ്യതിചലിച്ചുകൊണ്ടിരുന്നു. ഇന്ന് വ്യത്യസ്ത സമുദായങ്ങളിൽ കാണപ്പെടുന്ന മാർഗഭ്രംശങ്ങളെല്ലാം ആ വ്യതിചലനത്തിൻെറ ഫലങ്ങളാണ്. പില്ക്കാലത്ത് പുരോഹിതന്മാരും പൂജാരിമാരും ദൈവത്തിനും മനുഷ്യർക്കുമിടയിൽ മധ്യവർത്തികളായി ചമഞ്ഞു. വേദങ്ങളിൽ കൃത്രിമങ്ങൾ വരുത്തി, സ്വന്തമായി വിശ്വാസാചാരങ്ങൾ സൃഷ്ടിച്ചതിലൂടെയാണ് വിവിധ മതങ്ങൾ രൂപപ്പെട്ടത്.

12

## കുഫ്ർ, കാഫിർ

ഈമാൻ എന്ന ശബ്ദത്തിൻെറ എതിരായ സാങ്കേതിക ശബ്ദമാണ് "കുഫ്ർ". ഭാഷയിൽ അതിൻെറ മൂലാർത്ഥം മറച്ചുവെക്കുക എന്നാണ്. "കുഫ്ർ" എന്ന ധാതുവിൽനിന്നുണ്ടായ ക്രിയാനാമമാണ് "കാഫിർ". മറച്ചുവെക്കുന്നവൻ എന്നാണ് അതിൻെറ അർത്ഥം. അതിൽനിന്നുതന്നെ നിഷേധമെന്ന ആശയം സംജാതമാവുകയും "ഈമാനി"ന്നെതിരിൽ ആ പദം ഉപയോഗിച്ചുതുടങ്ങുകയും ചെയ്തു. വിസമ്മതിക്കുക, തള്ളിക്കളയുക, നിഷേധിക്കുക, നിരാകരിക്കുക എന്നെല്ലാമാണ് കുഫ്റിൻെറ അർത്ഥം. ഭൂമിയെ ഇരുട്ടുകൊണ്ട് മൂടുന്ന രാത്രിക്കും, അന്തർഭാഗത്തുള്ള വസ്തുക്കളെ ഒളിച്ചുവെക്കുന്ന സമുദ്രത്തിനും, വിത്തുകൾ മണ്ണിന്നടിയിൽ പൂഴ്ത്തിവെക്കുന്ന കർഷകനും കാഫിർ എന്നു അറബി ഭാഷയിൽ പ്രയോഗമുണ്ട്. സത്യം വ്യക്തമാവുകയും ഗ്രഹിക്കുകയും ചെയ്തിട്ടും നിഷേധിക്കുന്നത് കുഫ്ർ ആണ്. പ്രവാചകന്മാർ വഴി സത്യത്തിൻെറ പ്രബോധനം നേരിൽ ലഭിക്കുകയും സത്യം പൂർണ്ണമായി തെളിയിക്കപ്പെടുകയും ചെയ്തശേഷം നിഷേധിക്കുന്നത് കുഫ്റിൻെറ ഏറ്റവും വ്യക്തമായ ഉദാഹരണം.

13

## തൗഹീദ്

ഏകദൈവവിശ്വാസമെന്നത് ഖുർആൻെറ പ്രമുഖമായ മുഖമുദ്രയാണ്. ഇതിന് അറബിഭാഷയിൽ തൗഹീദ് എന്നു പറയുന്നു. ഏകദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ദൈവത്തിൻെറ അപ്രമേയ പ്രഭാവത്തിലും പരമാധികാരത്തിലുമുള്ള ബോദ്ധ്യവുമാണ് തൗഹീദ് എന്ന പദവിശേഷത്തിൻെറ വ്യാഖ്യാനം. പ്രപഞ്ചത്തിൻെറ സ്രഷ്ടാവും ഉടമസ്ഥനും ഭരണാധികാരിയും നിയന്താവും ഏകദൈവമാണ്. പ്രപഞ്ചകാര്യങ്ങൾ ശ്രദ്ധിക്കാൻ ദൈവം ഒരു ഉപദൈവത്തെയോ സഹകാരിയേയോ നിയമിച്ചിട്ടില്ല. ആരെയും മക്കളായി വരിച്ചിട്ടുമില്ല. അതുകൊണ്ട് ദൈവത്തിനു സമന്മാരില്ല.

14

## ശിർക്ക്, മുശ്രിക്ക്

ഏതു വിഷയത്തിലായാലും ദൈവേതരമായതിനെ ദൈവതുല്യമായി കല്പിക്കുന്നതിനെയാണ് ഖുർആൻെറ സാങ്കേതിക ഭാഷയിൽ ശിർക്ക് എന്ന് പറയുന്നത്. ശിർക്ക് ചെയ്യുന്ന വ്യക്തിക്ക് മുശ്രിക്ക് എന്ന് പറയുന്നു. ഇത് മാപ്പില്ലാത്ത പാപമാണ്. അല്ലാഹുവിൻെറതു മാത്രമായ ഏതെങ്കിലും ശക്തിയോ അധികാരങ്ങളോ ജ്ഞാനമോ അവനല്ലാത്ത അസ്തിത്വത്തിൽ ആരോപിക്കുന്നത് ആ അസ്തിത്വത്തെ അവനു തുല്യമാക്കലാകുന്നു.

സിദ്ധന്മാരിലോ, സന്യാസിമാരിലോ, പുരോഹിതന്മാരിലോ, കുട്ടിച്ചാത്തനിലോ, വിഗ്രഹങ്ങളിലൊ, നക്ഷത്രങ്ങളിലോ, ഗ്രഹങ്ങളിലോ, മാരുതനിലോ, മഴയിലോ ദിവ്യശക്തി ആരോപിക്കുമ്പോൾ അവയെ ദൈവതുല്യമാക്കുന്നു. അല്ലാഹുവിനുമാത്രമുള്ള ചോദ്യംചെയ്യപ്പെടാത്ത പരമാധികാരം നേതാവിലോ, ഭരണകൂടത്തിലോ സമൂഹത്തിലോ അരോപിക്കുന്നത് അവരെ ദൈവതുല്യമാക്കലാണ്.
മനുഷ്യൻെറ ആത്യന്തികമായ കൂറും സ്നേഹവും വിധേയത്വവും അർഹിക്കുന്നത് അല്ലാഹു മാത്രമാണ്. ആ അർഹത ദേശത്തിനോ, ഭാഷയ്ക്കോ, വർണത്തിനോ, പാർട്ടികൾക്കോ തത്വശാസ്ത്രങ്ങൾക്കോ അവയുടെ ആചാര്യന്മാർക്കോ നായകന്മാർക്കോ വകവെച്ചുകൊടുക്കുന്നത് അവരെ ദൈവതുല്യമാക്കലാകുന്നു.

15
## ഇബാദത്ത്
ഖുർആനിലെ ഒരു സുപ്രധാനമായ സാങ്കേതിക പദമാണ് ഇബാദത്ത്.
ഭയം, ഭക്തി, നന്ദി, സ്നേഹം അനുസരണം അടിമത്തം തുടങ്ങിയ ഭാവങ്ങളുടെ പരമമായ അവസ്ഥയുടെ പ്രായോഗിക രൂപത്തെയാണ് ഖുർആൻ ഇബാദത്ത് എന്ന് വിളിക്കുന്നത്.
മനുഷ്യനിൽനിന്നുള്ള ഈ ഭാവങ്ങളുടെയെല്ലാം പരമമായ അവസ്ഥ ഏകദൈവത്തിനുമാത്രം അവകാശപ്പെട്ടതാണെന്ന് ഖുർആനിലെ ഒന്നാം അധ്യായത്തിലെ സൂക്തങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. മനുഷ്യരുടെ ഉടമയും, യജമാനനും കരുണാവാരിധിയും രക്ഷാശിക്ഷകൾ വിധിക്കുന്നവനും ഏകദൈവമാണ്. അവനുമാത്രം ഭക്തിയർപ്പിക്കുകയും ആരാധിക്കുകയും പരമമായി സ്നേഹിക്കുകയും ഭയപ്പെടുകയും നിരുപാധികം അനുസരിക്കുകയും അവൻെറ മാത്രം വിധേയത്വമുള്ള ദാസന്മാരായി വർത്തിക്കുകയും, ചുരുക്കത്തിൽ ജീവിതം അവനുമാത്രം സമർപ്പിക്കേണ്ടതുമാണ്.
പൂജാദികർമങ്ങളാണ് ഭാഷയിലെ ആരാധന. ഏകദൈവം ആവശ്യപ്പെടുന്ന ഇബാദത്താകട്ടെ മനുഷ്യൻെറ അദമ്യമായ ഭയഭക്തിയുടെയും സ്നേഹത്തിൻെറയും അനുസരണത്തിൻെറയും അടിമത്തത്തിൻെറയും സാക്ഷാൽക്കാരമാണ്.
ദൈവമല്ലാത്ത മറ്റാരുടെയും മുന്നിൽ തലകുനിക്കുകയോ മറ്റാരുടെയെങ്കിലും ആജ്ഞാനുവർത്തിയാവുകയോ മറ്റാരോടെങ്കിലും ഭയഭക്തി പുലർത്തുകയോ ഏതെങ്കിലും കൃത്രിമ മതങ്ങളെ പിൻപറ്റുകയോ ആരെയെങ്കിലും തൻെറ വിധാതാവായി കരുതുകയോ ദൈവേതരമായ ഏതെങ്കിലും അസ്തിത്വത്തിനു മുമ്പിൽ കൈനീട്ടി പ്രാർഥിക്കുകയോ ചെയ്യുക മനുഷ്യൻെറ ധർമമല്ല.
പരമമായ അനുസരണം അല്ലാഹുവിന് അർപ്പിച്ചശേഷം, ആ അനുസരണത്തിന് വിധേയമായി വേണം മറ്റുള്ളവരെ അനുസരിക്കാൻ. അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ട് മറ്റുള്ളവരെ അനുസരിക്കുന്നത് അല്ലാഹുവിൻെറ സ്ഥാനം മറ്റുള്ളവർക്ക് കല്പിക്കലാകുന്നു. അതുകൊണ്ടാണ് പ്രവാചകൻ പ്രസ്താവിച്ചത് "അല്ലാഹുവിനെതിരായി സൃഷ്ടികൾക്ക് യാതൊരു അനുസരണവും പാടില്ല."
ഭൗതികവും അഭൗതികവുമായ എല്ലാവിധത്തിലുള്ള സഹായങ്ങളുടെയും ഉറവിടം അല്ലാഹുവാകുന്നു. അവൻ മാത്രമാണ് അനുഗ്രഹദാതാവും പരമകാരുണികനും നന്മതിന്മകൾ വിധിക്കുന്ന വിധാതാവും. അതിനാൽ സൗഖ്യം, വിജയം, ആഗ്രഹസാഫല്യം, ആപത്തിൽനിന്നുള്ള മോചനം തുടങ്ങിയ സഹായർഥനയും ഇബാദത്തിൻെറ ഭാഗംതന്നെയാണ്. ഭൗതികമായ സഹായങ്ങൾ നമുക്ക് ഇതര സൃഷ്ടികളിൽനിന്ന് കിട്ടണമെങ്കിൽപോലും ആദ്യം അല്ലാഹു അത് നമുക്ക് വിധിച്ചിരിക്കണം. അതുകൊണ്ട് ആത്യന്തികമായ തേട്ടം അല്ലാഹുവിനോടായിരിക്കണം എന്നല്ല, ആവനോട് മാത്രമേ ആകാവൂ.
"ഞാൻ മനുഷ്യവംശത്തെയും ജിന്നുവംശത്തെയും സൃഷ്ടിച്ചിട്ടില്ല- അവർ എനിക്കു ഇബാദത്തു ചെയ്യാനല്ലാതെ." (51:56)
അല്ലാഹുവിൻെറ കൽപന അനുസരിച്ചാകുമ്പോൾ ഏതു കർമവും അല്ലാഹുവിനുള്ള ഇബാദത്താകുന്നു. മാത്രമല്ല. അപ്പോഴേ ഏതു കർമവും ഇബാദത്താവൂ. ആരാധനാകർമം പോലും യഥാർഥ ആരാധനാ കർമമായിത്തീരണമെങ്കിൽ അതിൽ അനുസരണവും വിധേയത്വവും അടങ്ങിയിരിക്കണം.

16
## ദീൻ
ജീവിതമാർഗ്ഗം, ജീവിതവ്യവസ്ഥ, ഇഹലോകത്ത് മനുഷ്യൻെറ മുഴുവൻ ചിന്താ-കർമ്മ നയങ്ങളും കെട്ടിപ്പടുക്കുന്നതിനു നിദാനമായ നിയമസംഹിത.
"ദീൻ" എന്ന പദത്തിന് മതം, ആചാരവ്യവസഥ എന്നൊക്കെയാണ് പ്രചാരത്തിലുള്ള അർഥം. എങ്കിലും ആധിപത്യം, പ്രതിഫലം, വിചാരണ, മേൽക്കോയ്മ, ആധിപത്യത്തിന് വിധേയമായവൻെറ കീഴ്‌വണക്കം, അനുസരണം മാർഗം, പദ്ധതി എന്നീ അർഥങ്ങളുമുണ്ട്. ഖുർആനിൽ ദീൻകൊണ്ടുള്ള വിവക്ഷ അനുഗമിക്കപ്പെടേണ്ട ജീവിതസരണിയെന്നോ ചിന്താകർമരീതിയെന്നോ ആണ്. ശരിയും യഥാർഥവുമായ ഏക ജീവിതപദ്ധതി ഇസ്ലാം മാത്രമാണെന്നത്രെ ഖുർആൻ വാദിക്കുന്നത്. ജീവിതപദ്ധതി എന്നു പറയുമ്പോൾ മുഴുജീവിതത്തിന്നുമുള്ള പദ്ധതിയെന്നാണ്, വിശുദ്ധ ഖുർആൻ ഉദ്ദേശിക്കുന്നത്.
എക്കാലത്തുമുള്ള ഏതു മനുഷ്യരുടെയും വ്യക്തിപരവും സാമൂഹികവുമായ ജീവിതപദ്ധതി.

എക്കാലത്തും ഏതുഘട്ടത്തിലും മുഴുവൻ മനുഷ്യവംശത്തിനും ഭൂമിയിൽ ജീവിതം നയിക്കാൻ ഏകദൈവത്തിൻെറ അടുക്കൽ ശരിയായ ഒരു രീതി മാത്രമേയുള്ള. ആ ചിന്താസരണിയും കർമ പദ്ധതിയുമാണ് അദ്ദീൻ എന്ന പദംകൊണ്ട് വിശുദ്ധ ഖുർആൻ ഉദ്ദേശിക്കുന്നത്.

17

## ശരീഅത്ത്

പ്രവാചകപരമ്പരയിലൂടെ പ്രകാശിതമായ ദൈവികനിയമങ്ങളുടെ സമുച്ചയമാണ് ശരീഅത്ത് അഥവാ ജീവിതവ്യവസ്ഥ. ശരീഅത്ത് എന്ന പദത്തിൻെറ അർഥം മാർഗ്ഗം അഥവാ ദൈവികമാർഗം എന്നാണ്. മനുഷ്യജീവിതത്തിന് എല്ലാമറിയുന്നവനായ ഏകദൈവം ഒരുക്കിയേല്പിച്ച ജീവിതവ്യവസ്ഥയാണ് ശരീഅത്ത്. . എല്ലാ പ്രവാചകന്മാർക്കും ശരീഅത്ത് അഥവാ നിയമസംഹിത ഉണ്ടായിരുന്നു. വിശദാംശങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ ഉണ്ടായിരുന്നു എന്നു മാത്രം. പ്രവാചകൻ മുഹമ്മദിൻെറ ശരീഅത്തും ചില മാറ്റങ്ങളോടെ മുൻ ശരീഅത്തുകളുടെ തുടർച്ചതന്നെ. ശരീഅത്തിൻെറ സ്രോതസ്സ് ഖുർആനും അതിൻെറ വിശദീകരണമായ സുന്നത്ത് - നബിചര്യകളുമാകുന്നു. പൂർണ്ണജിവിതമെന്നതു ഇഹ-പരങ്ങളിലെ കർമപ്രപഞ്ചത്തിൻെറ സമന്വയമാണ്. അതിനാൽ പ്രാപഞ്ചികജീവിതത്തിലെ വിവാഹം, സാമ്പത്തിക ഇടപാടുകൾ, രാഷ്ട്രഭരണം, ശിക്ഷകൾ തുടങ്ങി പരലോകജിവിതത്തിലേക്കു കൂടി ഉന്നംവെച്ചുള്ള വിശ്വാസം, നമസ്കാരം നോമ്പ് സകാത്ത് എന്നിവകൂടി ഉൾകൊള്ളുന്നതാണ് ശരീഅത്ത്..

18

## മുതശാബിആത്. (സദൃശവചനങ്ങൾ)

മനുഷ്യൻെറ ഇന്ദ്രിയാനുഭവങ്ങൾക്കതീതമായ അഭൗതികമായ യാഥാർഥ്യങ്ങളെക്കുറിച്ചുള്ള ദൈവീകവചനങ്ങൾക്ക് "മുതശാബിആത്" എന്നു പറയുന്നു. ദൈവത്തിനുമാത്രമെ അതിൻെറ ശരിയായ അർഥം അറിയൂ. അല്ലാഹുവിൻെറ കൈകൾ, അല്ലാഹുവിൻെറ മുഖം, ദൈവീക സിംഹാസനം തുടങ്ങിയ പ്രയോഗങ്ങൾ ഉദാഹരണം. ചില അധ്യായങ്ങളിൽ കാണുന്ന ആദ്യത്തെ ഒറ്റ അക്ഷരങ്ങളും ഈ ഗണത്തിൽ പണ്ഡിന്മാർ ഉൾപ്പെടുത്തിയതായി കാണുന്നു.

19

## മുഹകമാത്.

വിശുദ്ധ ഖുർആനിലെ സുഗ്രഹമായ വചനങ്ങളെ മുഹകമാത് എന്ന് പറയുന്നു. ഖുർആൻെറ കേന്ദ്രവും ഇത്തരം വചനങ്ങൾതന്നെയാണെന്ന് ഖുർആൻ പറയുന്നു. മനുഷ്യന് സന്മാർഗം നേടാനും വെളിച്ചം കിട്ടാനും അവ ഉൾക്കൊണ്ടാൽ മതിയാകും.

20

## കിതാബ്

കിതാബ് എന്ന പദത്തിന് ഗ്രന്ഥം, പുസ്തകം എന്നൊക്കെയാണ് അർഥം. അൽകിതാബ് എന്നാൽ അല്ലാഹുവിൽനിന്നുള്ള ഗ്രന്ഥം എന്നർഥം. പ്രവാചകൻ മൂസക്ക് നല്കപ്പെട്ട തൗറാത്തിനെ (തോറ-പഴയ നിയമം) അൽകിതാബ് എന്ന് ഖുർആൻ പരാമർശിച്ചിട്ടുണ്ട്. തൗറാത്ത്, ഇഞ്ചീൽ (പ്രവാചകൻ ഈസക്ക് -യേശു- ഇറക്കപ്പെട്ടത്-പുതിയനിയമം) എന്നീ വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്ന ജൂത, ക്രിസ്ത്യൻ വിഭാഗങ്ങളെ ഖുർആൻ പലയിടത്തും "അഹ്‌ലുൽകിതാബ്" വേദക്കാർ എന്നാണ് വിളിച്ചിട്ടുള്ളത്. ഖുർആൻ സാക്ഷ്യപ്പെടുത്തിയ മറ്റു വേദങ്ങൾ. തൗറാത്ത്.(മൂസ), ഇഞ്ചീൽ,(ഈസ), സബൂർ. (ദാവൂദ്).

21

## ഹുദാ -ഹിദായത്ത്

മനസ്സിൻെറ തെളിച്ചം, ഉൾക്കാഴ്ച, പ്രമാണം, വഴിയടയാളം, നേർവഴി, സന്മാർഗം, തുടങ്ങിയ അർഥങ്ങളിൽ ഖുർആൻ ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഖുർആൻ ഹിദായത്തിലെക്ക് നയിക്കുന്നു എന്ന് പറയുമ്പോൾ ഖുർആൻ മനുഷ്യന് സത്യത്തിൻെറയും ധർമത്തിൻെറയും തെളിവുകളും പ്രമാണങ്ങളും പഠിപ്പിക്കുകയും ശരിയായ ജിവിത പാത കാണിച്ചുകൊടുക്കുകയും ചെയ്യുന്നു എന്നർഥം.

22

## തഖ്‌വ

തഖ്‌വ എന്ന പദത്തിന് നാല് അർഥങ്ങളുണ്ട്.

1- ആപൽക്കരമായ സംഗതികളെ തടുക്കുക, അതിൽനിന്ന് രക്ഷപ്പെടുക. 2- ആപൽസാധ്യതയെക്കുറിച്ച് ജാഗ്രതപാലിക്കുക 3- പരിശുദ്ധനായ അല്ലാഹുവിനോട് ഭയഭക്തി പുലർത്തുക. 4- അല്ലാഹുവിൻെറ

അപ്രീതിയെയും കോപത്തെയും ഭയപ്പെടുക. തഖ്‌വയെ പണ്ഡിതന്മാർ നിർവചിച്ചിട്ടുള്ളത് ഇങ്ങനെയാണ്. "അല്ലാഹുവിൻെറ ആജ്ഞകൾ നടപ്പിലാക്കുകയും അവൻ വിരോധിച്ചവ വെടിയുകയും ചെയ്യുക" ഈ ചര്യ സ്വീകരിച്ചവരെ മുത്തഖികൾ എന്നു പറയുന്നു.

**23**

## സൂറത്ത്

114 ഖണ്ഡങ്ങളായി ഖുർആൻ വിഭജിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത അദ്ധ്യായങ്ങളെ അല്ലാഹു "സൂറത്ത്" എന്ന് നാമകരണം ചെയ്തിരിക്കുന്നു. "സൂർ" എന്ന ശബ്ദത്തിൽനിന്നാണ് "സൂറ"യുടെ ഉത്ഭവം. "നഗരഭിത്തി" എന്നാണ് അതിൻെറ അർഥം.

**24**

## ആയത്ത്

സൂറയിലെ വാക്യങ്ങൾക്ക് "ആയത്ത്" (സൂക്തം) എന്നു പറയുന്നു. ആയത്തിൻെറ ശബ്ദാർത്ഥം "അടയാളം", "ചിഹ്നം" എന്നെല്ലാമാണ്. ആയത്തിൻെറ സാക്ഷാൽ അർത്ഥം ഏതെങ്കിലും ഒരു വസ്തുവിലേക്ക് മാർഗ്ഗദർശനം നല്കുന്ന ചിഹ്നം, അഥവാ അടയാളം എന്നതാണ്. ഖുർആനിൽ ഈ പദം നാലു വ്യത്യസ്താർത്ഥങ്ങളിൽ വന്നിട്ടുണ്ട്. ചിലേടത്ത് അതിൻെറ വിവക്ഷ, ചിഹ്നം, അടയാളം എന്നു മാത്രമാണ്. ചിലേടത്ത് പ്രാപഞ്ചിക ചിഹ്നങ്ങൾക്ക് "അല്ലാഹുവിൻെറ ആയത്തുകൾ" എന്നു പറയപ്പെട്ടിട്ടുണ്ട്. കാരണം ദൈവശക്തിയുടെ പ്രകടനങ്ങളിലോരോന്നും ഈ ബാഹ്യ തിരശ്ശീലക്കു പിന്നിൽ ഒളിഞ്ഞുകിടക്കുന്ന യാഥാർത്ഥ്യത്തെ ചൂണ്ടിക്കാണിക്കുന്നു. ചിലേടത്ത് പ്രവാചകന്മാർ മുഖേന പ്രത്യക്ഷമാകുന്ന അസാധാരണ സംഭവങ്ങൾ (മുഅ്ജിസാത്തുകൾ)ക്കും "ആയത്ത്" എന്ന് പറയപ്പെട്ടിട്ടുണ്ട്. കാരണം, പ്രവാചകന്മാർ പ്രപഞ്ചാധിപനായ അല്ലാഹുവിൻെറ പ്രതിനിധികളാണെന്നുള്ള അടയാളങ്ങളാണവ. ചിലേടത്ത് ദൈവഗ്രന്ഥത്തിലെ (ഖുർആനിലെ) വചനങ്ങൾക്കും "ആയാത്ത്" എന്നു പറഞ്ഞിട്ടുണ്ട്. കാരണം അവ സത്യത്തിലേക്ക് മാർഗ്ഗദർശനം നല്കുന്നു.

**25**

## ഇബ്‌ലീസ്

ഇബ്‌ലീസ് എന്ന വാക്കിൻെറ അർത്ഥം അങ്ങേയറ്റം നിരാശപ്പെടവൻ എന്നാണ്. അല്ലാഹുവിൻെറ ആജ്ഞ ലംഘിച്ചുകൊണ്ട് ആദമിനും സന്തതികൾക്കും കീഴ്പെടുവാൻ വിസമ്മതിക്കുകയും മനുഷ്യവംശത്തെ വഴിതെറ്റിക്കുവാനും ദുർമ്മാർഗ്ഗത്തിലെക്ക് പ്രേരിപ്പിക്കുവാനും അല്ലാഹുവോട് അന്ത്യനാൾവരെ അവസരം ആവശ്യപ്പെടുകയും ചെയ്ത "ജിന്നി" നാണ് സാങ്കേതികമായി ആ വാക്കുപയോഗിക്കുന്നത്. അവന്ന് തന്നെ "അശ്ശൈത്വാൻ" എന്നും പറയപ്പെടുന്നു. "ശൈയ്ത്വാൻ" "ഇബ്‌ലീസ്" എന്നിവ ഒരു കേവല ശക്തിയുടെ പേരല്ല, മനുഷ്യരെപോലെത്തന്നെ വ്യക്തിത്വമുള്ള ഒരസ്തിത്വമാണ്. ഇബ്‌ലീസ് "ജിന്ന്" എന്ന പ്രത്യേക സൃഷ്ടികളിൽപെട്ടവനാണ്.

**26**

## തൗബ

തൗബ എന്ന അറബിപദത്തിൻെറ ഭാഷാർത്ഥം മടങ്ങുകയെന്നതാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം "തൗബ", ദൈവത്തോടുള്ള ധിക്കാരത്തിൽനിന്ന് വിരമിച്ച് അടിമത്ത മാർഗ്ഗത്തിലേക്ക് തിരിച്ചുവരികയാണ്. ദൈവത്തെ സംബന്ധിച്ചാവുമ്പോൾ അതിൻെറ വിവക്ഷ ഖേദിച്ചുമടങ്ങിയ തൻെറ അടിമയുടെ നേരെ കരുണാ കടാക്ഷത്തോടെ തിരിയുകയും അനുഗ്രഹ ദൃഷ്ടി വീണ്ടും അവനിൽ പതിക്കുകയും ചെയ്ക എന്നതാണ്.

പാപത്തിൻെറ ഫലം അനിവാര്യമാണ്, മനുഷ്യൻ അതനുഭവിച്ചേതീരൂ എന്ന സിദ്ധാന്തത്തെ വിശുദ്ധ ഖുർആൻ ഖണ്ഡിക്കുന്നു. നന്മയുടെ പ്രതിഫലവും തിന്മയുടെ ശിക്ഷയും തികച്ചും അല്ലാഹുവിൻെറ അധികാരത്തിലാണ്. അപരാധം പ്രവർത്തിച്ചശേഷം അതിൽ ലജ്ജിച്ചു ഖേദിക്കുകയും മേലിൽ സ്വസംസ്കരണത്തിന് സന്നദ്ധനാവുകയും ചെയ്യുന്നവൻെറ അപരാധങ്ങളെ അല്ലാഹു തൻെറ അനുഗ്രഹത്താൽ മാപ്പ് ചെയ്ത് കൊടുക്കുന്നു.

എത്രവലിയ കുറ്റവാളിക്കും എത്ര കടുത്ത അവിശ്വാസിക്കും ദൈവസന്നിധിയിൽ നിരാശക്ക് വഴിയില്ല. തങ്ങൾ ചെയ്തുപോയ അബദ്ധം സമ്മതിക്കുകയും നിയമലംഘനത്തിൽ ഖേദിക്കുകയും ദൈവത്തോടുള്ള ധിക്കാരനയം കൈവെടിഞ്ഞ് അനുസരണനയം കൈക്കൊള്ളാൻ സന്നദ്ധനാവുകയുമാണെങ്കിൽ അവർക്കും ദൈവാനുഗ്രഹം തികച്ചും പ്രതീക്ഷിക്കാം.

---

തുടരും..